©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 നവംബർ 7<br>7th November 2017<br>1193 തുലാം 22<br>22nd Thulam 1193<br>1939 കാർത്തികം 16<br>16th Karthika 1939 | നമ്പർ<br>No. 2424 |


## GOVERNMENT OF KERALA

**Higher Education (C) Department**

NOTIFICATION

G. O. (P) No. 33/2017/H.Edn.

*Dated, Thiruvananthapuram, 7th November, 2017.*

**S. R. O. No. 696/2017.**—In exercise of the powers conferred by sub-section (1) of section 3 read with sections 11, 12, 14 and 16 of the Kerala State Higher Education Council Act, 2007 (Act 22 of 2007), the Government of Kerala hereby constitute the Kerala State Higher Education Council with the following members in the Advisory Body, the Governing Body and the Executive Body with effect from 7th day of November, 2017.

Registered Post

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരണം- ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക, മാർക്കർ തസ്തിക, ട്രെയിനിംഗ് കോളേജുകളിലെ ലൈബ്രേറിയൻ തസ്തിക, ഗ്രേഡ് ഡി യിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലെ തസ്തികകളുടെ എണ്ണം എന്നിവ സംബന്ധിച്ച അനോമലി പരിശോധിക്കുന്നതിന് കമ്മറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (ആർ റ്റി) നം. 2311/2017/ഉ.വി.വ തീയതി, തിരുവനന്തപുരം 21.12.2017

പരാമർശം :- 1. 29.2.2016 ലെ സർക്കാർ ഉത്തരവ് (കൈ)60/2016/ഉ.വി.വ.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.6.2016 ലെ ഇ 1/21739/16/കോ.വി.വ. നമ്പർ കത്ത്

3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 07.07.2016 ലെ 22174 (1)/2016/കോ.വി.വ. നമ്പർ കത്ത്

4. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 30..09.2016 ലെ ഇ 1/18274/16/കോ.വി.വ നമ്പർ കത്ത്

5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2016 ലെ ഇ 1/27105/16/കോ.വി.വ. നമ്പർ കത്ത്

6. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 16.03.2017, 6.12.2017 തീയതികളിലെ ലെ ഇ 1/1660/17/കോ.വി.വ. നമ്പർ കത്ത്

7. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15.03.2017 ലെ ഇ 1/37989/16/കോ.വി.വ. നമ്പർ കത്ത്

8.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11/8/2017 ലെ എഫ്5/13673/16/കോ.വി.വ. നമ്പർ കത്ത്

9.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2017 ലെ എഫ്5/1516/16/കോ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ സൂചന (1) ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. പ്രസ്തുത പരിഷ്കരണത്തിന് മുമ്പ് നിലവിലുണ്ടായിരുന്ന ഗ്രേഡിംഗിലെ E Grade നിറുത്തലാക്കിയതിനെ തുടർന്ന് 'D' ഗ്രേഡിൽ ഉൾപ്പെടുത്തിയ ചില കോളേജുകളിൽ ക്രമാനുഗതമല്ലാത്ത രീതിയിൽ തസ്തിക അനുവദിക്കേണ്ടി വരുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ട്രെയിനിംഗ് കോളേജുകളിൽ അനദ്ധ്യാപക തസ്തിക പുന:നിർണ്ണയിക്കുമ്പോൾ ക്ലറിക്കൽ തസ്തികകളുടെ എണ്ണം കൂടുന്നതായും, 'D'ഗ്രേഡിൽ വരുന്ന കോളേജുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തിക സംബന്ധിച്ചും കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ് വിഷയം ഉള്ള കോളേജുകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സംബന്ധിച്ചും, ലാബ് അസിസ്റ്റന്റ് തസ്തിക സംബന്ധിച്ചും, സ്പോർട്സ് സംബന്ധിയായ കോഴ്സുകൾ പഠിപ്പിക്കുന്ന കോളെജുകളിലെ മാർക്കർ തസ്തിക സംബന്ധിച്ചും, ട്രെയിനിംഗ് കോളേജുകളിലെ ലൈബ്രേറിയൻ തസ്തിക സംബന്ധിച്ചും ചില അനോമലികൾ നിലനിൽക്കുന്നതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു.

പരാമർശം (1) മുതൽ (9) വരെയുള്ള കത്തുകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പരാമർശത്തിലെ കത്തുകൾ പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിവിധ അനോമലികൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷയായും, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, ശ്രീ. എൻ.സത്യാനന്ദൻ,(ഗ്രാൻമ, പരിയാരം, കോലാരി പി.ഒ., മട്ടന്നൂർ) എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി കമ്മറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള ചുമതല കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ആയിരിക്കുന്നതാണ്. ഈ കമ്മറ്റി അനോമലിക്ക് ആധാരമായ വിഷയം പരിശോധിച്ച് ഒരു മാസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹരികുമാർ ജി
ഡെപ്യൂട്ടി സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.സ്സ്
3) ശ്രീ. എൻ.സത്യാനന്ദൻ, ഗ്രാൻമ, പരിയാരം, കോലാരി പി.ഒ., മട്ടന്നൂർ 670702 (Regd Post)
4) ഐ & പി ആർ ഡി ( വെബ് & ന്യൂ മീഡിയ)
5) കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ